വാഹനാപകടക്കേസ്സുകളിലെ പ്രതികൾക്കുള്ള ശിക്ഷാനടപടി

15 (*585) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനാപകട കേസ്സുകളിൽ പ്രതിയായി ചേർക്കപ്പെടുന്ന ആളുകൾ ബഹുഭൂരിപക്ഷവും ശിക്ഷിക്കപ്പെടാതെ പോകുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) വാഹനാപകട കേസ്സുകളിലെ പ്രതികളിൽ വിധി പറഞ്ഞതിൽ എത്ര ശതമാനത്തിന് ശിക്ഷ ലഭിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) വാഹനാപകട കേസ്സുകളിൽ പ്രതികളായവരിൽ ഭൂരിഭാഗവും ശിക്ഷിക്കപ്പെടുന്നുണ്ട്.

(ബി) ഉണ്ട്. വാഹനാപകട കേസ്സുകളിൽ 85 ശതമാനത്തിനുമേൽ പ്രതികൾക്ക് ശിക്ഷ ലഭിക്കുന്നുണ്ട്.

സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടാ നിയമനത്തിനുള്ള മാനദണ്ഡം

16 (*586) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവസാനമായി സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകിയത് എന്നാണ് ;

(ബി) ഇപ്രകാരം നിയമനം ലഭിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമാണ് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ടയിൽ നിയമനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) സ്പോർട്സിൽ വ്യക്തിഗത ഇനങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് തടസ്സമുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2014-2015 സാമ്പത്തിക വർഷം സ്പോർട്സ് ക്വാട്ടയിലൂടെ നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(എഫ്) ഇപ്രകാരം സർക്കാർ സർവ്വീസിൽ നിയമനം നൽകുകവഴി കായിക മേഖലയിലേക്ക് കൂടുതൽ താരങ്ങളെ ആകർഷിക്കുവാൻ കഴിയുമോ ; വിശദാംശങ്ങൾ നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സംസ്ഥാനത്ത് അവസാനമായി സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം നല്കിയത് 28-9-2012-ലെ സ.ഉ.(കൈ) നം.257/12/പൊ.ഭ.വ. പ്രകാരമാണ്.

(ബി) ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് തുടങ്ങിയ അന്തർദേശീയ മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്തിട്ടുള്ളതും ദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധാനം ചെയ്തിട്ടുള്ളതും അന്തർ സർവ്വകലാശാല മത്സരങ്ങളിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയെ പ്രതിനിധാനം ചെയ്തിട്ടുള്ളതുമായ കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിന് അർഹതയുണ്ട്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തസ്തികകളിൽ നിയമനം നൽകിവരുന്നു. എന്നാൽ ബിരുദം അടിസ്ഥാന യോഗ്യതയുള്ള അസിസ്റ്റന്റ് തസ്തികയിൽ 10% ഉദ്യോഗാർത്ഥികളെയാണ് നിയമിക്കുന്നത്.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 103 ഒഴിവുകളിലേക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) ഇല്ല. വ്യക്തിഗത ഇനങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് തടസ്സമില്ല.

(ഇ) 2014-15 സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സ്പോർട്സ് ക്വാട്ട നിയമനത്തിന്റെ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ 2010-11 സാമ്പത്തിക വർഷം മുതൽ 2013-14 സാമ്പത്തിക വർഷം വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനത്തിന്റെ നടപടിക്രമങ്ങൾ നടന്നു വരികയാണ്.

(എഫ്) കായികരംഗത്ത് മികച്ച സംഭാവന നൽകിയ കായികതാരങ്ങൾക്ക് കേരള സർക്കാർ സർവ്വീസുകളിൽ നിയമനം നൽകുന്നതിനുള്ള പദ്ധതിയാണ് സ്പോർട്സ് ക്വാട്ട നിയമനം. ഇതിലൂടെ കേരളത്തിലെ കായികതാരങ്ങളെ നമ്മുടെ നാട്ടിൽതന്നെ പിടിച്ചുനിർത്തുന്നതിനും അതുവഴി കായികരംഗത്ത് അവരിൽ നിന്ന് മികച്ച സംഭാവന ലഭിക്കുകയും ചെയ്യുന്നു. കൂടാതെ വളർന്നുവരുന്ന കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഇപ്രകാരമുള്ള സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ സഹായകമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly